Land Under Cultivation.

205 [29] SHRI T. T. DANIEL: Will the Chief Minister be pleased to state;

(*a*) the acres of land under cardamom, pepper and tapioca cultivation;

(*b*) the area of each separately.

Answer.

(*a*) 7,65,908 acres.

(*b*) Cardamom 63,356 acres
Pepper 84,900 acres
Tapioca 6,17,652 acres

പാലോട് വില്ലേജിലുള്ള പച്ച പ്രൈമറിസ്കൂൾകെട്ടിടം.

206. (31) ശ്രീ. എൻ. ചന്ദ്രശേഖരൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലോട് നിയോജകമണ്ഡലത്തിൽപ്പെട്ട, പാലോട് വില്ലേജിലുള്ള പച്ച പ്രൈമറി സ്കൂൾകെട്ടിടം 3 വർഷങ്ങളായി പൊളിച്ചിട്ടിട്ട് കൺട്രാക്ടർ നാളിതുവരെ ശരിപ്പെടുത്തിയിട്ടില്ലെന്നുള്ള വിവരം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി എടുത്തു;

(സി) ഇല്ലെങ്കിൽ കൃത്യസമയത്തു കെട്ടിടം ശരിപ്പെടുത്താത്തതിന് കൺട്രാക്ടറുടെ പേരിൽ ന്യായമായ നടപടികൾ സ്വീകരിക്കാൻ ഗവണ്മെൻറിൽനിന്നും ശ്രദ്ധിക്കുമോ?

ഉത്തരം.

(എ) കെട്ടിടം ശരിപ്പെട്ടുക്കഴിഞ്ഞു.

(ബി) ഒരു നടപടിയും എടുക്കേണ്ട ആവശ്യമില്ല.

(സി) കൃത്യസമയത്തിനു കെട്ടിടംപണി തീർക്കാത്തതിന് കൺട്രാക്ടറുടെ മേൽ ശിക്ഷണനടപടി എടുത്തിട്ടുണ്ട്.

എലക്ട്രിസിറ്റി നീട്ടാനുള്ള നടപടി

207. (35) ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലയോലപ്പറമ്പിൽനിന്നും കടുത്തുരുത്തിയിലേയ്ക്ക് എലക്ട്രിസിറ്റി നീട്ടാൻ, കഴിഞ്ഞ പ്രാവശ്യത്തെ മറുപടിക്കുശേഷം എന്തെങ്കിലും നടപടികൾ എടുക്കാൻ സാധിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത പ്രതിബന്ധത്തിനിടയാക്കിയ കാരണങ്ങൾ എന്തെല്ലാമാണ്;

(സി) മാഞ്ഞൂരിലേയ്ക്ക് എലക്ട്രിക് കണക്ഷൻ നൽകുന്നതിനുള്ള നടപടികൾ എങ്ങിനെയിരിക്കുന്നു?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം.

(എ) ഇല്ല.

(ബി) ചെലവാക്കേണ്ട തുകയുടെ രണ്ട് ശതമാനം പോലും തുടായം ഇതിൽനിന്നും കിട്ടുവാൻ സാദ്ധ്യത ഇല്ലാത്തതാണ് മേൽ നട പടി നടത്താത്തതിനു കാരണം.

(സി) മാഞ്ഞൂരിലേക്ക് എലക്ട്രിസിറ്റി നീട്ടിയിട്ടുണ്ട്. അവിടെ കൂടുതൽ സ്ഥലങ്ങളിൽ വിദ്യുച്ഛക്തി നീട്ടുന്നകാര്യം ആലോചന യിലിരിക്കുകയാണ്.

കഥാപ്രസംഗകാളേജും കഥകളിപരിശീലനമന്ദിരവും.

208. (36) ശ്രീ. എം. എ. ആൻറണി : താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട്–ചാലക്കുടി കമ്മ്യൂണിറ്റിപ്രോജക്റ്റിലേക്ക് 1953 സെപ്റ്റംബർ മാസത്തിൽ കഥാപ്രസംഗകാളേജ നുവേണ്ടി ശ്രീ. കൈമാപ്പറമ്പനും, കഥകളി പരിശീലനമന്ദിരത്തിനു ശ്രീ. കലാമണ്ഡലം കൃഷ്ണൻനായരും കാരോ പദ്ധതികളും സമർപ്പിച്ചിരുന്നുവോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തി;

(സി) ഇത്രകാലമായിട്ടും അതിനെ സംബന്ധിച്ച് ഒരു മറുപടി അവർക്ക് അയയ്ക്കാത്തതിന്റെ കാരണമെന്താണ്;

(ഡി) കഥകളി പ്രോത്സാഹനത്തിനു ഗവണ്മെൻറിൽ നിന്നും അയ്യായിരം രൂപ ഗ്രാൻറ് നൽകുകയുണ്ടായോ;

(ഇ) കഥാപ്രസംഗകാളേജിനു എന്തുകൊണ്ടാണ് അപ്രകാരമുള്ള ഗ്രാൻറ് അനുവദിക്കാത്തത്?

ഉത്തരം.

(എ) ശ്രീ. കൈമാപ്പറമ്പൻ തന്റെ സ്വന്തം നിലയിൽ ഒരു പദ്ധതിസമർപ്പിച്ചിരുന്നു. കഥകളിക്ക് ഒരു കമ്മിറ്റി തയ്യാറാക്കിയ ഒരു പദ്ധതിയാണു സമർപ്പിച്ചിരുന്നത്.

(ബി) കഥകളുസ്സീം ചില ഉപാധികളിന്മേൽ അനുവദിച്ചു. കഥാപ്രസംഗസ്സീം പരിശോധനയ്ക്കു ശേഷം പ്രായോഗികമല്ലെന്നു തോന്നുകയാൽ തിരസ്കരിച്ചു.

(സി) ശ്രീ. കൈമാപ്പറമ്പൻ തന്റെ പദ്ധതി ഔപചാരിക മായി സമർപ്പിച്ചതു കുന്നത്തുനാട്–ചാലക്കുടി പ്രോജക്റ്റ് ആഫീസക്കാണ്. ഗവണ്മെൻറിന്റെ തീരുമാനം രണ്ടു പദ്ധതികളെ സംബന്ധിച്ചും പ്രോജക്റ്റ് ആഫീസറെ അറിയിച്ചിട്ടുണ്ട്.

(ഡി) ഒരു കലാലയം നടത്തുന്നതിലേക്ക് ആവശ്യമുള്ള സാമഗ്രികൾ വാങ്ങുന്നതിനു ചില വ്യവസ്ഥകൾക്കു വിധേയമായി അയ്യായിരം രൂപ ഗ്രാൻറ് അനുവദിച്ചു. തുക ഇതുവരെയും നൽകിയിട്ടില്ല.

(ഇ) ശ്രീ. കൈമാപ്പറമ്പൻ സമർപ്പിച്ച പദ്ധതി പ്രായോഗിക മല്ലെന്നു ഗവണ്മെൻറിനു ബോദ്ധ്യപ്പെട്ടു. എന്നാൽ അദ്ദേഹം സമർപ്പിച്ച വേറൊരു പദ്ധതി ഗവണ്മെൻറ് പരിഗണിച്ചുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly